**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2975** **28-02-2023 - ൽ മറുപടിയ്ക്ക്**

**ഫിഷറീസ് വകുപ്പിൽ ധനകാര്യ ഇൻസ്പെക്ഷൻ വിഭാഗത്തിന്റെ പരിശോധന**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ഫിഷറീസ് വകുപ്പിൽ ധനകാര്യ ഇൻസ്പെക്ഷൻ വിഭാഗം അവസാനമായി പരിശോധന നടത്തിയത് എന്നാണ്; പ്രസ്തുത പരിശോധനയിൽ ഏതെങ്കിലും തരത്തിലുള്ള ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ടോ; പരിശോധന റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ? | (എ) | ഫിഷറീസ് വകുപ്പിലെ വിവിധ ഓഫീസുകളിൽ ധനകാര്യ ഇൻസ്പെക്ഷൻ വിഭാഗം നടത്തിയ പരിശോധനകളുടെ വിവരം അനുബന്ധം 1 ആയി ചേർക്കുന്നു.<br><br>കാസർഗോഡ് ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസിലെ ഔദ്യോഗിക വാഹനം ദുരുപയോഗം സംബന്ധിച്ച് കാസർഗോഡ് ജില്ലാ ധനകാര്യ പരിശോധനാ സ്ക്വാഡ് നടത്തിയ ആകസ്മിക പരിശോധനാ റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധം 2 ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം -1

| ക്രമ നം. | ഓഫീസ് | ധനകാര്യ ഇൻസ്പെക്ഷൻ വിഭാഗം അവസാനമായി പരിശോധന നടത്തിയ വർഷം | ക്രമക്കേടുകൾ |
|---|---|---|---|
| 1 | ഫിഷറീസ് ഡയറക്ടറേറ്റ് | 2014-2015 - ധനകാര്യ ഇൻസ്പെക്ഷൻ വിഭാഗം അവസാനമായി പരിശോധന നടത്തിയത്. | ക്രമക്കേടുകൾ ഒന്നും തന്നെ കണ്ടെത്തിയിട്ടില്ല . |
| 2 | ഫിഷറീസ് ജോയിന്റ് ഡയറക്ടർ, തിരുവനന്തപുരം | ധനകാര്യ ഇൻസ്പെക്ഷൻ വിഭാഗം പരിശോധന നടത്തിയിട്ടില്ല. | |
| 3 | ഫിഷറീസ് ജോയിന്റ് ഡയറക്ടർ, എറണാകുളം | ധനകാര്യ ഇൻസ്പെക്ഷൻ വിഭാഗം പരിശോധന നടത്തിയിട്ടില്ല. | |
| 4 | ഫിഷറീസ് ജോയിന്റ് ഡയറക്ടർ, കോഴിക്കോട് | ധനകാര്യ ഇൻസ്പെക്ഷൻ വിഭാഗം പരിശോധന നടത്തിയിട്ടില്ല. | |
| 5 | ഫിഷറീസ് ജോയിന്റ് ഡയറക്ടർ, ട്രെയിനിംഗ് ആലുവ | ധനകാര്യ ഇൻസ്പെക്ഷൻ വിഭാഗം പരിശോധന നടത്തിയിട്ടില്ല. | |
| 6 | ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം | 21/01/2023 - ന് ജില്ലാ ധനകാര്യ ഇൻസ്പെക്ഷൻ വിഭാഗം പരിശോധന നടത്തിയിരുന്നു. | അന്തിമ റിപ്പോർട്ട് ലഭ്യമായിട്ടില്ല |
| 7 | ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം | 02.02.2023 - ന് ധനകാര്യ ഇൻസ്പെക്ഷൻ വിഭാഗം പരിശോധന നടത്തിയിരുന്നു. | ക്രമക്കേടുകൾ ഒന്നും തന്നെ കണ്ടെത്തിയിട്ടില്ല |
| 8 | ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ | 15/10/2022, 23/01/2023, 21/02/2023 എന്നി ദിവസങ്ങളിൽ ധനകാര്യ ഇൻസ്പെക്ഷൻ വിഭാഗം പരിശോധന നടത്തിയിരുന്നു | അന്തിമ റിപ്പോർട്ട് ലഭ്യമായിട്ടില്ല |
| 9 | ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം | 03.05.2021 - ന് ധനകാര്യ ഇൻസ്പെക്ഷൻ വിഭാഗം പരിശോധന നടത്തിയിരുന്നു. | അന്തിമ റിപ്പോർട്ട് ലഭ്യമായിട്ടില്ല |
| 10 | ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ | ധനകാര്യ ഇൻസ്പെക്ഷൻ വിഭാഗം പരിശോധന നടത്തിയിട്ടില്ല. | |
| 11 | ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം | ~~24.01.2023~~ ധനകാര്യ ഇൻസ്പെക്ഷൻ വിഭാഗം 07.02.2023- ന് അവസാനമായി പരിശോധന | അന്തിമ റിപ്പോർട്ട് ലഭ്യമായിട്ടില്ല |

| | | | |
|---|---|---|---|
| | | നടത്തിയിട്ടുണ്ട്. | |
| 12 | ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി | ധനകാര്യ ഇൻസ്പെക്ഷൻ വിഭാഗം പരിശോധന നടത്തിയിട്ടില്ല. | |
| 13 | ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം | ധനകാര്യ ഇൻസ്പെക്ഷൻ വിഭാഗം 07.02.2023- ന് അവസാനമായി പരിശോധന നടത്തിയിട്ടുണ്ട്. | ക്രമക്കേടുകൾ ഒന്നും തന്നെ കണ്ടെത്തിയിട്ടില്ല |
| 14 | ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട് | ഇൻസ്പെക്ഷൻ വിഭാഗം 2009 മെയ് മാസം അവസാനമായി ഇൻസ്പെക്ഷൻ നടത്തിയിട്ടുണ്ട് | ക്രമക്കേടുകൾ ഒന്നും റിപ്പോർട്ട് ചെയ്തിട്ടില്ല |
| 15 | ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ | ഇൻസ്പെക്ഷൻ വിഭാഗം 27.01.2023- ന് അവസാനമായി ഇൻസ്പെക്ഷൻ നടത്തിയിട്ടുണ്ട് | ക്രമക്കേടുകൾ ഒന്നും റിപ്പോർട്ട് ചെയ്തിട്ടില്ല |
| 16 | ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ, കാസർഗോഡ് | ഇൻസ്പെക്ഷൻ വിഭാഗം 19.01.2023- ന് അവസാനമായി ഇൻസ്പെക്ഷൻ നടത്തിയിട്ടുണ്ട് | അന്തിമ റിപ്പോർട്ട് ലഭ്യമായിട്ടില്ല |
| 17 | ഫിഷറീസ് അസിസ്റ്റന്റ് ഡയറക്ടർ, വിഴിഞ്ഞം | ധനകാര്യ ഇൻസ്പെക്ഷൻ വിഭാഗം പരിശോധന നടത്തിയിട്ടില്ല. | |
| 18 | ഫിഷറീസ് അസിസ്റ്റന്റ് ഡയറക്ടർ, നീണ്ടകര | ധനകാര്യ ഇൻസ്പെക്ഷൻ വിഭാഗം പരിശോധന നടത്തിയിട്ടില്ല. | |
| 19 | ഫിഷറീസ് അസിസ്റ്റന്റ് ഡയറക്ടർ, നെയ്യാർ ഡാം | ധനകാര്യ ഇൻസ്പെക്ഷൻ വിഭാഗം പരിശോധന നടത്തിയിട്ടില്ല. | |
| 20 | ഫിഷറീസ് അസിസ്റ്റന്റ് ഡയറക്ടർ, പത്തനംതിട്ട | ധനകാര്യ ഇൻസ്പെക്ഷൻ വിഭാഗം പരിശോധന നടത്തിയിട്ടില്ല. | |
| 21 | ഫിഷറീസ് അസിസ്റ്റന്റ് ഡയറക്ടർ, വൈപ്പിൻ | ധനകാര്യ ഇൻസ്പെക്ഷൻ വിഭാഗം കഴിഞ്ഞ 7 വർഷങ്ങൾക്കിടയിൽ പരിശോധന നടത്തിയിട്ടില്ല. | |
| 22 | ഫിഷറീസ് അസിസ്റ്റന്റ് ഡയറക്ടർ, അഴീക്കോട് | ധനകാര്യ ഇൻസ്പെക്ഷൻ വിഭാഗം പരിശോധന നടത്തിയിട്ടില്ല. | |
| 23 | ഫിഷറീസ് അസിസ്റ്റന്റ് ഡയറക്ടർ, വയനാട് | ധനകാര്യ ഇൻസ്പെക്ഷൻ വിഭാഗം 2014 ന് അവസാനമായി പരിശോധന നടത്തിയിട്ടുണ്ട്. | ക്രമക്കേടുകൾ ഒന്നും റിപ്പോർട്ട് ചെയ്തിട്ടില്ല |
| 24 | ഫിഷറീസ് അസിസ്റ്റന്റ് ഡയറക്ടർ, ബേപ്പൂർ | ധനകാര്യ ഇൻസ്പെക്ഷൻ വിഭാഗം പരിശോധന നടത്തിയിട്ടില്ല. | |
| 25 | ഫിഷറീസ് അസിസ്റ്റന്റ് ഡയറക്ടർ, കണ്ണൂർ | ധനകാര്യ ഇൻസ്പെക്ഷൻ വിഭാഗം പരിശോധന നടത്തിയിട്ടില്ല. | |
| 26 | GRFTHS, തേവര | ധനകാര്യ ഇൻസ്പെക്ഷൻ വിഭാഗം പരിശോധന നടത്തിയിട്ടില്ല. | |

| | | | |
|---|---|---|---|
| 27 | GRFTHS, ചാവക്കാട് | 2015- ൽ ജില്ല ഫിനാൻസ് ഇൻസ്പെക്ടറുടെ കാര്യാലയത്തിൽ നിന്നും അവസാനമായി പരിശോധന നടത്തിയത്. | ക്രമക്കേടുകൾ ഒന്നും റിപ്പോർട്ട് ചെയ്തിട്ടില്ല |
| 28 | GRFTHS, ബേപ്പൂർ | ഇൻസ്പെക്ഷൻ വിഭാഗം 2002-ൽ അവസാനമായി ഇൻസ്പെക്ഷൻ നടത്തിയിട്ടുണ്ട്. | ക്രമക്കേടുകൾ ഒന്നും റിപ്പോർട്ട് ചെയ്തിട്ടില്ല |

സെക്ഷൻ ഓഫീസർ

അനുബന്ധം - 2

1/55595/2022

GOVERNMENT OF KERALA

No.[redacted]/DFISEM/77/2022-FIN
(E-2165395)

Finance Inspection (NT-G) Department
Thiruvananthapuram
Dated:27-12-2022

<u>കാസർഗോഡ് ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിലെ ഔദ്യോഗിക വാഹനം ദുരുപയോഗം ചെയ്യുന്നു എന്ന പരാതി സംബന്ധിച്ച് കാസർഗോഡ് ജില്ലാ ധനകാര്യ പരിശോധനാ സ്ക്വാഡ് നടത്തിയ വാഹന പരിശോധനയുടെ റിപ്പോർട്ട്</u>

—

## I. ആമുഖം

കാസർഗോഡ് ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിലെ മൊബൈൽ അക്വാ ക്ലിനിക് വാഹനമായ KL-60-B-379 നമ്പർ ബൊലേറോ ജീപ്പ് ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ ആയ ശ്രീ. സതീശൻ പി. വി സ്വന്തം ആവശ്യങ്ങൾക്ക് വേണ്ടി ഉപയോഗിക്കുന്നു എന്ന് ആരോപിച്ച് ലഭിച്ച പരാതിയുടെ അടിസ്ഥാനത്തിലും കാസർഗോഡ് ജില്ലയിലെ സർക്കാർ ഉദ്യോഗസ്ഥന്മാർ കോവിഡ് മറയാക്കി ഡിപ്പാർട്ട്മെന്റ് വാഹനങ്ങൾ സ്വന്തം ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നത് പതിവായി മാറിയിരിക്കുന്നു എന്ന് ആരോപിച്ച് ബഹു:മുഖ്യമന്ത്രിയുടെ പരാതി പരിഹാര സെല്ലിൽ നിന്നും ലഭിച്ച പരാതിയുടെ (G210804403) അടിസ്ഥാനത്തിലും കാസർഗോഡ് ജില്ലാ ധനകാര്യ പരിശോധനാ സ്ക്വാഡ് 2022 ജൂൺ മാസം ഒരു ആകസ്മിക വാഹനപരിശോധന നടത്തുകയുണ്ടായി. പരിശോധനയിൽ കാസർഗോഡ് ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിലെ വാഹനമായ KL-60-B-379 നമ്പർ ബൊലേറോ ജീപ്പ് ധനകാര്യ വകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള 24.02.2003ലെ സ.ഉ.(കൈ)113/2003/ധന, 13.11.1970 ലെ സ.ഉ.(പി)803/70/ധന എന്നീ ഉത്തരവുകളിലെയും 02.08.2008ലെ 41/2008/ധന നമ്പർ സർക്കുലറിലെയും നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ദുരുപയോഗം ചെയ്തതായി കണ്ടെത്തിയിട്ടുണ്ട്. പരിശോധനയിലെ കണ്ടെത്തലുകളും അവയിന്മേലുള്ള ശിപാർശകളും ചുവടെ ചേർക്കുന്നു.

## II. കണ്ടെത്തലുകൾ

**1. കാസർഗോഡ് ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറെ നിത്യേന താമസ സ്ഥലത്തുനിന്ന് ഓഫീസിലേക്കും, തിരികെയും എത്തിക്കുന്നതിന് KL-60-B-379 ഔദ്യോഗിക വാഹനം ഉപയോഗപ്പെടുത്തുന്നു എന്ന ആരോപണം**

16.06.2022 ന് രാവിലെ 11 മണിക്ക് കാസർഗോഡ് തെക്കിൽ പാലത്തിന് സമീപം വച്ച് കാസർഗോഡ് ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറുടെ അധീനതയിലുള്ള KL-60-B-379 നമ്പർ ബൊലേറോ ജീപ്പ് കാസർഗോഡ് കളക്ടറേറ്റ് ഭാഗത്തുനിന്നും കാഞ്ഞങ്ങാടേക്കുള്ള യാത്രാമധ്യേ ജില്ലാ ധനകാര്യ പരിശോധനാ സ്ക്വാഡ് തടയുകയും യാത്രാവിവരങ്ങൾ പരിശോധിക്കുകയും ചെയ്തു. വാഹനത്തിൽ തത്സമയം ശ്രീ. സതീശൻ പി.വി., ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ; ശ്രീ. രജീഷ്, ഡ്രൈവർ (ദിവസവേതനം) എന്നിവരായിരുന്നു യാത്ര നടത്തിയിരുന്നത്.

വാഹനത്തിന്റെ ലോഗ് ബുക്ക് പരിശോധിച്ചതിൽനിന്നും ചുവടെ ചേർക്കുന്ന അപാകതകൾ കണ്ടെത്തിയിട്ടുണ്ട്.

- വാഹനത്തിന്റെ ലോഗ് ബുക്കിൽ 06.06.2022 ന് ശേഷമുള്ള യാത്രാ വിശദാംശങ്ങൾ രേഖപ്പെടുത്തിയിരുന്നില്ല.
- വാഹനത്തിന്റെ ഓഡോമീറ്ററിലെ റീഡിംഗ് 289602 കിലോമീറ്ററും ലോഗ് ബുക്കിലെ ക്ലോസിംഗ് കി.മീ റീഡിംഗ് 289085 കിലോമീറ്ററും ആയിരുന്നു. (517 കി.മീ യാത്ര ചെയ്ത വിശദാംശങ്ങൾ ലോഗ് ബുക്കിൽ രേഖപ്പെടുത്തിയിരുന്നില്ല.)
- വാഹനത്തിന്റെ മൈലേജ് പരിശോധന 09.06.2022 ന് നടത്തിയിട്ടുണ്ട് എങ്കിലും മൈലേജ് സാക്ഷ്യപത്രം ലോഗ് ബുക്കിൽ പതിച്ചിരുന്നില്ല. (മൈലേജ് സാക്ഷ്യപത്രം പിന്നീട് സമർപ്പിച്ചു)
- ലോഗ് ബുക്കിൽ സീരിയൽ നമ്പർ എഴുതി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഓരോ യാത്രയിലും സഞ്ചരിച്ച ദൂരം (കി.മീ) രേഖപ്പെടുത്തുന്നില്ല. പല ദിവസങ്ങളിലും സഞ്ചരിച്ച യഥാർത്ഥ ദൂരത്തിൽ തെറ്റുകൾ വരുത്തിയിരിക്കുന്നു. (ഉദാ: ലോഗ് ബുക്കിലെ 21.02.2022 ലെ യാത്ര)
- പല തീയതികളിലും യാത്ര അവസാനിച്ചതായി രേഖപ്പെടുത്തിയിരിക്കുന്ന സ്ഥലവും, പിറ്റേ ദിവസം യാത്ര ആരംഭിച്ചതായി രേഖപ്പെടുത്തിയിരിക്കുന്ന സ്ഥലവും തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നു.

വാഹനപരിശോധനയിൽ ധനകാര്യ വകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള 24.02.2003ലെ സ.ഉ.(കൈ)113/2003/ധന, 13.11.1970 ലെ സ.ഉ.(പി)803/70/ധന എന്നീ ഉത്തരവുകളിലെയും 02.08.2008ലെ 41/2008/ധന നമ്പർ സർക്കുലറിലെയും നിർദ്ദേശങ്ങൾ ലംഘിച്ചിട്ടുള്ളതായി കണ്ടെത്തി. ഗവൺമെന്റ് സെക്രട്ടറിമാർ, വകുപ്പ് തലവന്മാർ തുടങ്ങിയ സർക്കാർ പ്രത്യേകമായി അനുമതി നൽകിയിട്ടുള്ള ഉദ്യോഗസ്ഥർ ഒഴികെയുള്ള ഉദ്യോഗസ്ഥരെ താമസസ്ഥലത്തുനിന്നും ഓഫീസിലെത്തിക്കുന്നതിനോ തിരിച്ച് വീട്ടിലെത്തിക്കുന്നതിനോ സർക്കാർ വാഹനങ്ങൾ ഉപയോഗിക്കുവാൻ പാടുള്ളതല്ല. എന്നാൽ KL-60-B-379 ബൊലേറോ ജീപ്പ് 16.06.2022ന് രാവിലെ 11 ന് കാസർഗോഡ് കളക്ടറേറ്റ് ഭാഗത്തുനിന്നും കാഞ്ഞങ്ങാടേക്ക് നടത്തിയ യാത്ര ഔദ്യോഗികമല്ല എന്ന് സ്ക്വാഡിന്റെ പരിശോധനയിൽ ബോധ്യപ്പെട്ടിട്ടുണ്ട്. ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറായ ശ്രീ. സതീശൻ പി.വി. താമസിക്കുന്നത് ജില്ലാ കളക്ടറേറ്റിന് സമീപമാണ്. ഇവിടെ നിന്നും 33 കി.മീ ദൂരെ കാഞ്ഞങ്ങാട് എന്ന സ്ഥലത്താണ് ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം സ്ഥിതിചെയ്യുന്നത്. ഈ ഓഫീസിലേക്കുള്ള യാത്രാ മധ്യേയാണ് ജില്ലാ ധനകാര്യ പരിശോധനാ സ്ക്വാഡ് വാഹനം പരിശോധനയ്ക്ക് വിധേയമാക്കിയത്.

വാഹന പരിശോധനയുമായി ബന്ധപ്പെട്ട് ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ സ്ക്വാഡിന് നൽകിയ വിശദീകരണം ചുവടെ ചേർക്കുന്നു.

"ശുചിത്വ സാഗരം സുന്ദര തീരം' പദ്ധതി നടപ്പിലാക്കുന്നതിനായി ജില്ലാതല കോർഡിനേഷൻ കമ്മറ്റി പുനഃസംഘടിപ്പിക്കുന്നതിന് 22.05.2022 ലെ സ.ഉ(സാധാ)നം.321/2022/എഫ്&പി പ്രകാരം ഉത്തരവായിരുന്നു. ജില്ലാതല കോർഡിനേഷൻ കമ്മറ്റിയുടെ ചെയർമാൻ ബഹു: ജില്ലാ പഞ്ചായത്ത് പ്രസിഡന്റും, കോ-ചെയർമാൻ ബഹു: ജില്ലാ കളക്ടറുമാണ്. കാസർഗോഡ് ജില്ലയിൽ പദ്ധതി നടപ്പിലാക്കുന്നതിനായി കോർഡിനേഷൻ കമ്മറ്റി മീറ്റിംഗ് <u>22.06.2022</u> ന് ചേരുന്നതിന് ബഹു: ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് നിർദ്ദേശിച്ചതിൻപ്രകാരം കോ-ചെയർമാനായ ബഹു: ജില്ലാ കളക്ടറുമായി നേരിട്ട് ചർച്ച ചെയ്യുന്നതിനായിരുന്നു മേൽ വാഹനം ഉപയോഗിച്ചിരുന്നത്. എന്നാൽ കാസറഗോഡ് എത്തും മുൻപ് പുഞ്ചാവി കടപ്പുറത്ത് മത്സ്യബന്ധനത്തിലേർപ്പെട്ടിരുന്ന തൊഴിലാളി മരണപ്പെട്ടതായി വിവരം ലഭിച്ചതിനെ തുടർന്ന് ബഹു: കളക്ടറെ സന്ദർശിക്കാതെ തിരികെ വരികയും ചെയ്തു."

ജില്ലാ ധനകാര്യ പരിശോധനാ സ്ക്വാഡ് ജില്ലാ കളക്ടറേറ്റിൽ നിന്ന് നടത്തിയ വിവരശേഖരണത്തിൽ 16.06.2022 ന് ജില്ലാ കളക്ടറും, ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറും പങ്കെടുക്കേണ്ട ഔദ്യോഗിക കൂടിക്കാഴ്ച്ചകൾ ഒന്നും സംഘടിപ്പിച്ചിരുന്നില്ല എന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. ശ്രീ. സതീശൻ പി.വി ബഹു: ജില്ലാ കളക്ടറുടെ ഔദ്യോഗിക വസതിക്കടുത്താണ് താമസിക്കുന്നത്. 22.06.2022 ന് ചേരേണ്ട മീറ്റിംഗിനായി ബഹു: ജില്ലാ കളക്ടറുമായി നേരിട്ട് ചർച്ച നടത്തുന്നതിനായല്ല 16.06.2022 ന് ടിയാൻ യാത്ര നടത്തിയത് എന്നും , ടിയാന്റെ വസതിയിൽ നിന്നും കാഞ്ഞങ്ങാടുള്ള ഓഫീസിലേക്ക് നടത്തിയ യാത്ര ഔദ്യോഗികമായിരുന്നില്ല എന്നും സ്ക്വാഡിന് ബോധ്യമായി. 16.06.2022 ലെ ഔദ്യോഗിക മീറ്റിംഗ് സംബന്ധിച്ച് യാതൊരു രേഖകളും ഹാജരാക്കുവാൻ ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർക്ക് സാധിച്ചിട്ടില്ല. കൂടാതെ ലോഗ് ബുക്കിൽ 06.06.2022 വരെ മാത്രമേ രേഖപ്പെടുത്തലുകൾ ഉണ്ടായിരുന്നുള്ളു. ഈ സാഹചര്യത്തിൽ KL-60-B-379 ബൊലേറോ ജീപ്പ് ശ്രീ സതീശൻ പി.വി., ഡെപ്യൂട്ടി ഡയറക്ടർ ഓഫ് ഫിഷറീസ് ദുരുപയോഗം ചെയ്യുന്നു എന്ന പരാതിയിൽ അടിസ്ഥാനമുള്ളതായി വ്യക്തമാകുന്നു.

2. കാസർഗോഡ് കളക്ടറേറ്റ്, ജില്ലാ പഞ്ചായത്ത് എന്നിവിടങ്ങളിൽ മീറ്റിംഗുകൾക്കായി സന്ദർശിച്ചു എന്നുള്ള ലോഗ് ബുക്കിലെ തെറ്റായ രേഖപ്പെടുത്തലുകൾ

ഈ വിഷയവുമായി ബന്ധപ്പെട്ട് കൂടുതൽ വിശദാംശങ്ങൾ ലഭ്യമാകുവാൻ ജില്ലാ കളക്ടറേറ്റിൽ നിന്നും, ജില്ലാ പഞ്ചായത്തിൽ നിന്നും സ്ക്വാഡ് വിവരശേഖരണം നടത്തി. 01.08.2021 മുതൽ 31.05.2022 വരെയുള്ള കാലയളവിൽ കാസർഗോഡ് ജില്ലാ കളക്ടറേറ്റിലും, ജില്ലാ പഞ്ചായത്തിലും ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ പങ്കെടുത്തിട്ടുള്ളതായി ലോഗ് ബുക്കിൽ രേഖപ്പെടുത്തിയിട്ടുള്ള തീയതികളിലെ മീറ്റിംഗുകൾ സംബന്ധിച്ച് സ്ക്വാഡ് പരിശോധന നടത്തി. കാസർഗോഡ് കളക്ടറേറ്റിലെ K, L എന്നീ സെക്ഷനുകളാണ് ഫിഷറീസ് സംബന്ധിച്ച വിഷയങ്ങൾ കൈകാര്യം ചെയ്യുന്നത്. കൂടാതെ ജില്ലാ പഞ്ചായത്തിൽ നിന്നും പ്രസ്തുത കാലയളവിൽ ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ പങ്കെടുത്തിട്ടുള്ള മീറ്റിംഗുകൾ സംബന്ധിച്ച വിവരശേഖരണവും നടത്തി. 01.08.2021 മുതൽ 31.05.2022 വരെയുള്ള കാലയളവിൽ മീറ്റിംഗുകൾക്കായി ജില്ലാ കളക്ടറേറ്റ്, ജില്ലാ പഞ്ചായത്ത് എന്നിവിടങ്ങളിലേക്ക് നടത്തിയിട്ടുള്ള 60 യാത്രകളിൽ 23 മീറ്റിംഗുകൾക്ക് മാത്രമാണ് ഔദ്യോഗിക സ്ഥിതീകരണമുള്ളത്. ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറായ ശ്രീ. സതീശൻ പി.വി. താമസിക്കുന്നത് ജില്ലാ കളക്ടറേറ്റിന് സമീപമാണ്. ഇവിടെ നിന്നും 33 കി.മീ ദൂരെ കാഞ്ഞങ്ങാട് എന്ന സ്ഥലത്താണ് ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം സ്ഥിതിചെയ്യുന്നത്. ടിയാനെ ദിവസേന താമസസ്ഥലത്തുനിന്നും ഓഫീസിലേക്കും, തിരിച്ചും എത്തിക്കുന്നതിനായി ഔദ്യോഗിക വാഹനം ഉപയോഗപ്പെടുത്തുന്നു

എന്നതിനുള്ള ഉത്തമ ഉദാഹരണമാണ് ഔദ്യോഗിക സ്ഥിരീകരണമില്ലാത്ത ഈ മീറ്റിംഗുകൾ. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പട്ടിക 1

| ക്രമ നം. | മീറ്റിംഗിൽ പങ്കെടുത്തു എന്ന് ലോഗ് ബുക്കിൽ രേഖപ്പെടുത്തിയ തീയതികൾ | മീറ്റിംഗ് ആരംഭിച്ച സമയം | മീറ്റിംഗ് അവസാനിച്ച സമയം | മീറ്റിംഗുമായി ബന്ധപ്പെട്ട വിഷയം | മീറ്റിംഗിൽ അദ്ധ്യക്ഷത വഹിച്ച വ്യക്തി | മീറ്റിംഗിൽ ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ പങ്കെടുത്തിരുന്നോ? അതെ / ഇല്ല | അഭിപ്രായം |
|---|---|---|---|---|---|---|---|
| 1. | 27.08.2021 | മീറ്റിംഗ് നടന്നതായി ഔദ്യോഗിക രേഖകളില്ല. | | | | | |
| 2. | 31.08.2021 | | | | | | |
| 3. | ·02.09.2021 | | | | | | |
| 4. | 03.09.2021 | | | | | | |
| 5. | 07.09.2021 | 2.30 pm | 4.30 pm | പുനർഗേഹം | ജില്ലാ കളക്ടർ | അതെ | ജില്ലാ കളക്ടറേറ്റ് |
| 6. | 1.10.2021 | 3.00 pm | 4.30 pm | പുനർഗേഹം | ജില്ലാ കളക്ടർ | അതെ | ജില്ലാ കളക്ടറേറ്റ് |
| 7. | 08.10.2021 | മീറ്റിംഗ് നടന്നതായി ഔദ്യോഗിക രേഖകളില്ല. | | | | | |
| 8. | 22.10.2021 | | | | | | |
| 9. | 01.11.2021 | | | | | | |
| 10. | 09.11.2021 | 12.30 pm | 1.30 pm | പുനർഗേഹം | ജില്ലാ കളക്ടർ | അതെ | ജില്ലാ കളക്ടറേറ്റ് |
| 11. | 10.11.2021 | മീറ്റിംഗ് നടന്നതായി ഔദ്യോഗിക രേഖകളില്ല. | | | | | |
| 12. | 11.11.2021 | | | | | | |
| 13. | 15.11.2021 | | | | | | |
| 14. | 27.11.2021 | | | | | | |
| 15. | 01.12.2021 | | | | | | |
| 16. | 02.12.2021 | | | | | | |
| 17. | 07.12.2021 | | | | | | |
| 18. | 10.12.2021 | | | | | | |
| 19. | 15.12.2021 | 11.00 am | 1.30 pm | വികസന സ്റ്റാൻഡിംഗ് കമ്മിറ്റി | ചെയർപേഴ്സൺ, വികസന സ്റ്റാൻഡിംഗ് കമ്മിറ്റി | അതെ | ജില്ലാ പഞ്ചായത്ത് |
| 20. | 20.12.2021 | മീറ്റിംഗ് നടന്നതായി ഔദ്യോഗിക രേഖകളില്ല. | | | | | |
| 21. | 23.12.2021 | | | | | | |
| 22. | 28.12.2021 | | | | | | |
| 23. | 31.12.2021 | | | | | | |
| 24. | 04.01.2022 | 10.00 am | 4.00 pm | ശിൽപ്പശാല | പ്രസിഡന്റ്, ജില്ലാ പഞ്ചായത്ത് | അതെ | ജില്ലാ പഞ്ചായത്ത് |
| 25. | 07.01.2022 | 12.00 pm | 1.30 pm | പുനർഗേഹം | ജില്ലാ കളക്ടർ | അതെ | ജില്ലാ കളക്ടറേ |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | | | റ്റ് |
| 26. | 10.01.2022 | മീറ്റിംഗ് നടന്നതായി ഔദ്യോഗിക രേഖകളില്ല. | | | | | |
| 27. | 11.01.2022 | | | | | | |
| 28. | 12.01.2022 | 10.30 am | 3.00 pm | വർക്കിംഗ് ഗ്രൂപ്പ് | പ്രസിഡന്റ്, ജില്ലാ പഞ്ചായത്ത് | അതെ | ജില്ലാ പഞ്ചായത്ത് |
| 29. | 15.01.2022 | 11.00 am | 3.00 pm | ഗ്രാമസഭ | പ്രസിഡന്റ്, ജില്ലാ പഞ്ചായത്ത് | അതെ | ജില്ലാ പഞ്ചായത്ത് |
| 30. | 18.01.2022 | 10.30 am | 4.00 pm | വികസന സെമിനാർ | പ്രസിഡന്റ്, ജില്ലാ പഞ്ചായത്ത് | അതെ | ജില്ലാ പഞ്ചായത്ത് |
| 31. | 01.02.2022 | മീറ്റിംഗ് നടന്നതായി ഔദ്യോഗിക രേഖകളില്ല. | | | | | |
| 32. | 02.02.2022 | | | | | | |
| 33. | 04.02.2022 | 4.00 pm | 5.15 pm | പുനർഗേഹം | ജില്ലാ കളക്ടർ | അതെ | ജില്ലാ കളക്ടറേറ്റ് |
| 34. | 10.02.2022 | മീറ്റിംഗ് നടന്നതായി ഔദ്യോഗിക രേഖകളില്ല. | | | | | |
| 35. | 21.02.2022 | | | | | | |
| 36. | 22.02.2022 | | | | | | |
| 37. | 23.02.2022 | | | | | | |
| 38. | 24.02.2022 | | | | | | |
| 39. | 28.02.2022 | 10.30 am | 1.00 pm | ഭരണസമിതി യോഗം | പ്രസിഡന്റ്, ജില്ലാ പഞ്ചായത്ത് | ഇല്ല | സീനിയർ ക്ലർക്ക് സുരേഷ് ബാബു പി പങ്കെടുത്തു, (ജില്ലാ പഞ്ചായത്ത്) |
| 40. | 07.03.2022 | മീറ്റിംഗ് നടന്നതായി ഔദ്യോഗിക രേഖകളില്ല. | | | | | |
| 41. | 10.03.2022 | 4.15 pm | 5.15 pm | പുനർഗേഹം | ജില്ലാ കളക്ടർ | അതെ | ജില്ലാ കളക്ടറേറ്റ് |
| 42. | 11.03.2022 | മീറ്റിംഗ് നടന്നതായി ഔദ്യോഗിക രേഖകളില്ല. | | | | | |
| 43. | 14.03.2022 | 2.30 pm | 5.00 pm | വികസന സ്റ്റാൻഡിംഗ് കമ്മിറ്റി | ചെയർപേഴ്സൺ, വികസന സ്റ്റാൻഡിംഗ് കമ്മിറ്റി | അതെ | ജില്ലാ പഞ്ചായത്ത് |
| 44. | 15.03.2022 | 3.00 pm | 4.30 pm | ഹിയറിംഗ് | ജില്ലാ കളക്ടർ | അതെ | ജില്ലാ കളക്ടറേറ്റ് |
| 45. | 17.03.2022 | മീറ്റിംഗ് നടന്നതായി ഔദ്യോഗിക രേഖകളില്ല. | | | | | |
| 46. | 22.03.2022 | 11.30 am | 1.30 pm | ഭരണസമിതി യോഗം | പ്രസിഡന്റ്, ജില്ലാ പഞ്ചായത്ത് | അതെ | ജില്ലാ പഞ്ചായത്ത് |
| 47. | 25.03.2022 | മീറ്റിംഗ് നടന്നതായി ഔദ്യോഗിക രേഖകളില്ല. | | | | | |
| 48. | 05.04.2022 | | | | | | |
| 49. | 06.04.2022 | 11.00 am | 1.00 pm | ഹിയറിംഗ് | ജില്ലാ കളക്ടർ | അതെ | കളക്ടറേറ്റ് |
| 50. | 07.04.2022 | 2.30 pm | 4.30 pm | വികസന സ്റ്റാൻഡിംഗ് കമ്മിറ്റി | ചെയർപേഴ്സൺ, വികസന സ്റ്റാൻഡിംഗ് കമ്മിറ്റി | അതെ | ജില്ലാ പഞ്ചായത്ത് |

| | | | | | | | |
|---|---|---|---|---|---|---|---|
| 51. | 08.04.2022 | 11.30 am | 1.10 pm | ഭരണസമിതി യോഗം | പ്രസിഡന്റ്, ജില്ലാ പഞ്ചായത്ത് | അതെ | ജില്ലാ പഞ്ചായത്ത് |
| 52. | 11.04.2022 | 4.30 pm | 5.30 pm | പുനർഗേഹം | ജില്ലാ കളക്ടർ | അതെ | ജില്ലാ കളക്ടറേറ്റ് |
| 53. | 27.04.2022 | 3.00 pm | 4.50 pm | ഭരണസമിതി യോഗം | പ്രസിഡന്റ്, ജില്ലാ പഞ്ചായത്ത് | അതെ | ജില്ലാ പഞ്ചായത്ത് |
| 54. | 30.04.2022 | മീറ്റിംഗ് നടന്നതായി ഔദ്യോഗിക രേഖകളില്ല. | | | | | |
| 55. | 03.05.2022 | | | | | | |
| 56. | 05.05.2022 | | | | | | |
| 57. | 17.05.2022 | 11.00 am | 3.00 pm | വർക്കിംഗ് ഗ്രൂപ്പ് | പ്രസിഡന്റ്, ജില്ലാ പഞ്ചായത്ത് | ഇല്ല | ഷിജു എ.എ - എ.എഫ്.ഇ.ഒ പങ്കെടുത്തു |
| 58. | 21.05.2022 | മീറ്റിംഗ് നടന്നതായി ഔദ്യോഗിക രേഖകളില്ല. | | | | | |
| 59. | 26.05.2022 | 11.30 am | 1.30 pm | വികസന സ്റ്റാൻഡിംഗ് കമ്മിറ്റി | ചെയർപേഴ്സൺ, വികസന സ്റ്റാൻഡിംഗ് കമ്മിറ്റി | അതെ | ജില്ലാ പഞ്ചായത്ത് |
| 60. | 31.05.2022 | 4.00 pm | 4.45 pm | ട്രോളിംഗ് നിരോധനം | " | " | മീറ്റിംഗ് ഓൺലൈൻ ആയിരുന്നു എങ്കിലും ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ ഹാജരായിരുന്നു. |

മേൽ പട്ടിക പരിശോധിച്ചാൽ വിവിധ മീറ്റിംഗുകൾക്കായി കാഞ്ഞങ്ങാട്ടുള്ള ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ കാര്യാലയത്തിൽനിന്നും ജില്ലാ കളക്ടറേറ്റ്, ജില്ലാ പഞ്ചായത്ത് എന്നീ ഓഫീസുകളിലേക്ക് ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ യാത്രനടത്തിയതായി ലോഗ് ബുക്കിൽ രേഖപ്പെടുത്തിയിട്ടുള്ള 60 യാത്രകളിൽ, ഔദ്യോഗിക സ്ഥിരീകരണമില്ലാതെ നടത്തിയ 37 യാത്രകൾ സ്വകാര്യ ആവശ്യത്തിനുള്ള വാഹന ദുരുപയോഗമായി കണക്കാക്കാവുന്നതാണ്. ഇപ്രകാരം കാഞ്ഞങ്ങാട് മുതൽ കാസർഗോഡ് വരെ നടത്തിയതായ 37 യാത്രകളുടെ ആകെ ദൂരം 2442 കി.മീ (=66 km x 37) ആണ്. 20.05.2020 ലെ സ.ഉ.(പി)നം.62/2020/ധന ഉത്തരവ് പ്രകാരം ഔദ്യോഗികമല്ലാത്ത യാത്രകൾക്ക് 11 രൂപ/കി.മി. എന്ന നിരക്കിൽ വാഹനവാടക ഈടാക്കേണ്ടതുണ്ട്.

കാഞ്ഞങ്ങാട് മുതൽ കാസർഗോഡ് വരെ നടത്തിയതായ 37 യാത്രകളുടെ ആകെ ദൂരം 2442 കി.മീ ആയതിനാൽ 11 രൂപ/കി.മീ. എന്ന നിരക്കിൽ വാഹനവാടക കണക്കാക്കിയാൽ 26,862/- രൂപ (2442 x 11 = 26862) സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടായതായി കാണുന്നു. ഈ നഷ്ടം

വാഹനത്തിന്റെ കസ്റ്റോഡിയനായ കാസറഗോഡ് ഫിഷറിസ് വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ ശ്രീ സതീശൻ പി.വി. യിൽ നിന്നും ഈടാക്കേണ്ടതാണ്.

**3 . ലോഗ് ബുക്കിൽ തെറ്റായ വിവരങ്ങൾ രേഖപ്പെടുത്തുക വഴി ഇന്ധന ഉപഭോഗത്തിൽ ക്രമക്കേടുകൾ നടത്തൽ**

KL-60-B-379 നമ്പർ ബൊലേറോ ജീപ്പിന്റെ 2021, 2022 എന്നീ വർഷങ്ങളിലെ ലോഗ് ബുക്കുകൾ, ഇന്ധനച്ചെലവ് അനുവദിക്കുന്നത് സംബന്ധിച്ച ഫയൽ, ഇൻഡന്റുകൾ, ഫ്യുവൽ ബില്ലുകൾ എന്നിവ സ്ക്വാഡ് പരിശോധനാ വിധേയമാക്കി. പരിശോധനയിൽ ലോഗ് ബുക്ക് രേഖപ്പെടുത്തലുകൾ സംബന്ധിച്ച് നിരവധി അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

- നിയന്ത്രണ ഉദ്യോഗസ്ഥൻ ലോഗ് ബുക്കിലെ മാസാന്ത്യ സംഗ്രഹത്തിൽ ഒപ്പ് രേഖപ്പെടുത്തുന്നില്ല.
- വാഹനത്തിന് മൈലേജിൽ കൃത്യത കാണിക്കുന്നില്ല. സർട്ടിഫൈഡ് മൈലേജ് 13 കി.മീ/ലി ആയിട്ടും ചില മാസങ്ങളിൽ 11 കി.മീ/ലി എന്ന് രേഖപ്പെടുത്തിയിരിക്കുന്നു (ഉദാ: 2022 മാർച്ച്, ജൂൺ). ജില്ലയിലെ മലയോര മേഖലകളിലേക്ക് പോകുമ്പോൾ വാഹനത്തിന്റെ മൈലേജ് കുറയുന്നു എന്നാണ് ഡെപ്യൂട്ടി ഡയറക്ടർ ഓഫ് ഫിഷറീസ് ഇക്കാര്യത്തിൽ വിശദീകരണമായി നൽകിയിരിക്കുന്നത്. എന്നാൽ 2022 മാർച്ച്, ജൂൺ മാസങ്ങളിൽ ടി വാഹനം കാസർഗോഡ് ജില്ലയിലെ മലയോര മേഖലയിൽ എങ്ങും യാത്രനടത്തിയതായി രേഖപ്പെടുത്തിയിട്ടില്ല.
- ഓരോ ട്രിപ്പിലും സഞ്ചരിച്ച ആകെ ദൂരം സംബന്ധിച്ച് ലോഗ് ബുക്കിൽ രേഖപ്പെടുത്തുന്നില്ല.
- പല ദിവസങ്ങളിലും സഞ്ചരിച്ച ദൂരവും രേഖപ്പെടുത്തിയ ദൂരവും തമ്മിൽ അന്തരമുണ്ട്. (ഉദാ: 21.02.2022 – കാഞ്ഞങ്ങാട് മുതൽ ജില്ലാ പഞ്ചായത്ത് വരെയും തിരിച്ചും ആകെ 66 കി. മീ ദൂരമുണ്ട്. എന്നാൽ ലോഗ് ബുക്കിൽ 25 കി.മീ എന്ന് മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളൂ)
- 2022 ജനുവരി മാസത്തിൽ ആകെ 319.31 ലിറ്റർ ഡീസൽ നിറച്ചതിന്റെ ബില്ലുകൾ ഉണ്ട് എങ്കിലും ലോഗ് ബുക്കിൽ തന്മാസം നിറച്ച ഇന്ധനം 274.98 ലിറ്റർ എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

2021 ജൂൺ മാസം മുതൽ 2022 ജൂൺ മാസം വരെയുള്ള ലോഗ് ബുക്ക് വിശദാംശങ്ങൾ പരിശോധിച്ചപ്പോൾ 2021 ആഗസ്റ്റ് മുതൽ ഇന്ധന ഉപഭോഗത്തിൽ ക്രമക്കേടുകൾ നടത്തിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടു. ഓരോ മാസത്തിലെയും ക്ലോസിംഗ് ബാലൻസ് (ടാങ്കിൽ മിച്ചം വരുന്ന ഇന്ധനം) തൊട്ടടുത്ത മാസത്തിലേക്ക് മാറ്റുന്നതിലാണ് കൃത്രിമം കാണിച്ചിരിക്കുന്നത്. ചില മാസങ്ങളിൽ ഇന്ധനം നിറച്ച അളവ് പോലും കൃത്യമായി രേഖപ്പെടുത്താതെയാണ് ഇന്ധന ഉപഭോഗം കാണിച്ചിരിക്കുന്നത്. വിശദവിവരങ്ങൾ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

പട്ടിക 2

| Sl no. | Month | Total Distance (Km) | Total Fuel Filled (Ltr) | Previous Balance in Tank (Ltr) | Total Fuel in Tank (Ltr) | Fuel Consumed in the month (Ltr) | Fuel Closing Balance (Ltr) | Milege for the month Km/Ltr | Fuel mismatch (Difference in Column v) |
|---|---|---|---|---|---|---|---|---|---|
| | | i | ii | iii | iv | v | vi | vii | viii |
| 1. | 06/2021 | 1956 | 100 | 48.52 | 148.52 | 134.43 | 14.09 | 14.55 | 0 |
| 2. | 07/2021 | 1482 | 100 | 14.09 | 114.09 | 108.97 | 5.12 | 13.6 | 0 |
| 3. | 08/2021 | 1406 | 130 | 5.12 (4.29) | 135.12 (134.29) | 108.15 | 26.97 (26.14) | 13 | 0.83 |
| 4. | 09/2021 | 2604 | 179 | 26.97 (40) | 205.97 (219) | 200 | 5.97 (19) | 13 | 13.03 |
| 5. | 10/2021 | 3028 | 197.47 | 5.97 (19) | 203.44 (216.47) | 214.44 (213.64) | -11 (2.62) | 14.12 | 11 |
| 6. | 11/2021 | 3530 | 229.44 | 0 (2.62) | 229.44 (232.06) | 228.03 | 1.41 (4.03) | 15.48 | 2.62 |
| 7. | 12/2021 | 4056 | 246.53 | 1.41 (-0.97) | 247.94 (245.56) | 240 | 7.94 (5.56) | 16.86 | 2.38 |
| 8. | 01/2022 | 4408 | 319.31 | 7.94 (-44.44) | 327.25 (274.87) | 274.98 (264) | 52.27 (10) | 16.03 | 42.27 |
| 9. | 02/2022 | 2880 | 143.88 | 52.27 (49.98) | 196.15 (193.86) | 193.93 (188) | 2.22 (5.86) | 14.85 | 3.64 |
| 10. | 03/2022 | 1654 | 150.47 | 2.22 (0) | 152.69 (150.47) | 150.36 (148.47) | 4.22 (7) | 11 | 2.78 |
| 11. | 04/2022 | 2292 | 172.38 | 4.22 (-0.15) | 176.6 (172.23) | 172.33 (162) | 14.6 (10) | 13.3 | 4.6 |
| 12. | 05/2022 | 1869 | 91.18 | 14.6 (0) | 105.78 (91.18) | 140.52 (80.18) | 25.6 (11.15) | 13.3 | 14.45 |
| 13. | 06/2022 | 1046 | 79.37 | 25.6 (13.13) | 104.97 (92.50) | 92.56 (85) | 19.97 (7) | 11.3 | 12.97 |
| | | | | | | | | Total Fuel Mismatch | 110.57 Ltr |

*പട്ടികയിൽ ബ്രാക്കറ്റിനുള്ളിൽ ചേർത്തിരിക്കുന്നത് ലോഗ് ബുക്കിൽ തെറ്റായി

| |
|---|
| *രേഖപ്പെടുത്തിയിരിക്കുന്ന ഫ്യുവൽ വിശദാംശങ്ങളാണ്.*<br><br>** KL-60-B-379 വാഹനത്തിന്റെ സർട്ടിഫൈഡ് മൈലേജ് 13 കി.മീ/ലി ആണ്. എന്നാൽ പട്ടികയിലെ (Column vii) ചില മാസങ്ങളിൽ സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തിയിട്ടുള്ള മൈലേജിനേക്കാൾ കുറവ് മൈലേജ് രേഖപ്പെടുത്തിയിരിക്കുന്നു.* |

മേൽ പട്ടിക പ്രകാരം ആകെ 110.57 ലിറ്റർ ഇന്ധനം കണക്കിൽപ്പെടുത്താത്തതായി കണ്ടെത്തിയിട്ടുണ്ട്. ഈ ഇന്ധനത്തിന്റെ വിലയായ 10,333/- രൂപ [=110.57 ലിറ്റർ x 93.46 രൂപ/ലിറ്റർ (2022 ജനുവരി മാസത്തിലെ ഡീസൽ വില)] കാസറഗോഡ് ഫിഷറിസ് വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ ശ്രീ സതീശൻ പി.വി. യിൽ നിന്നും ഈടാക്കുകയും സർക്കാരിലേക്ക് അടയ്ക്കുകയും ചെയ്യേണ്ടതാണ്.

**4. വാഹന ദുരുപയോഗത്തിന് വാഹനത്തിന്റെ നിയന്ത്രണാധികാരിയിൽ നിന്നും ഈടാക്കേണ്ട പിഴത്തുക**

കാസറഗോഡ് ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിലെ ഔദ്യോഗിക വാഹനമായ KL-60-B-379 ബൊലേറോ ജീപ്പ് ദുരുപയോഗം ചെയ്യുന്നതായി വ്യക്തമായതിനാൽ വാഹനത്തിന്റെ നിയന്ത്രണ അധികാരിയായ ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറിൽ നിന്നും 24.02.2003ലെ സ.ഉ (കൈ)113/2003/ധന നമ്പർ ഉത്തരവ്, 41/2008/ധന നമ്പർ സർക്കുലർ എന്നിവയിൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം ഏറ്റവും കൂടുതൽ ഇന്ധന ഉപഭോഗം നടന്ന മാസത്തിലെ ഇന്ധനത്തിന്റെ വിലയുടെ 50% തുക പിഴയായി ഈടാക്കേണ്ടതും അദ്ദേഹത്തിനെതിരേ ഉചിതമായ അച്ചടക്കനടപടികൾ സ്വീകരിക്കേണ്ടതുമുണ്ട്.

KL-60-B-379 നമ്പർ ബൊലേറോ ജീപ്പിന്റെ 2021 ജൂൺ മാസം മുതൽ 2022 ജൂൺ വരെയുള്ള യാത്രാ/ഇന്ധന വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പട്ടിക 3

വാഹനത്തിന്റെ നിയന്ത്രണ അധികാരി – ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ, കാസർഗോഡ്
നിലവിലെ മൈലേജ് – 13 കി.മീ / ലി
അവസാനമായി മൈലേജ് ടെസ്റ്റ് നടത്തിയത് – 09.06.2022

| ക്രമ | മാസം | ഓഡോ മീറ്റർ റീഡിംഗ് | | ആകെ ഓടിയ ദൂരം | തന്മാസം നിറച്ച ഇന്ധനത്തിന്റെ അളവ് |
|---|---|---|---|---|---|

| നം. | | ആരംഭിച്ചത് | അവസാനിച്ചത് | (കി.മീ) | (ലിറ്ററിൽ) |
|---|---|---|---|---|---|
| 1. | 2021 ജൂൺ | 257590 | 259546 | 1956 | 100 |
| 2. | ജൂലൈ | 259546 | 261028 | 1482 | 100 |
| 3. | ആഗസ്റ്റ് | 261028 | 262434 | 1406 | 130 |
| 4. | സെപ്റ്റംബർ | 262434 | 265038 | 2604 | 179 |
| 5. | ഒക്ടോബർ | 265038 | 268066 | 3028 | 197.47 |
| 6. | നവംബർ | 268066 | 271596 | 3530 | 229.44 |
| 7. | ഡിസംബർ | 271596 | 275652 | 4056 | 246.53 |
| 8. | ജനുവരി 2022 | 275652 | 280060 | 4408 | 319.31 |
| 9. | ഫെബ്രുവരി | 280060 | 282940 | 2880 | 143.88 |
| 10. | മാർച്ച് | 282940 | 284594 | 1654 | 150.47 |
| 11. | ഏപ്രിൽ | 284594 | 286886 | 2292 | 172.38 |
| 12. | മേയ് | 286886 | 288755 | 1869 | 91.18 |
| 13. | ജൂൺ | 288755 | 289801 | 1046 | 79.37 |

മുകളിലെ പട്ടിക 3 പരിശോധിച്ചാൽ KL-60-B-379 നമ്പർ വാഹനത്തിന് ഏറ്റവും കൂടുതൽ ഇന്ധന ഉപഭോഗം നടന്നിട്ടുള്ളത് 2022 ജനുവരി മാസത്തിലാണ്. ടി മാസത്തെ യഥാർത്ഥ ഇന്ധന ഉപഭോഗം 339 ലിറ്ററാണ്. (4408 km/13 km per litre = 339 litre). 2022 ജനുവരി മാസത്തിലെ ഡീസൽ വില ലിറ്ററിന് 93.46 രൂപ ആയിരുന്നതിനാൽ 2022 ജനുവരി മാസം ചെലവായ ഇന്ധനത്തിന്റെ വിലയുടെ പകുതി (50 %) 15,845/- രൂപയാണ് (=339 litre x ₹93.46 /litre x 50 %). ഈ തുക 15,845/- രൂപ വാഹനത്തിന്റെ നിയന്ത്രണ അധികാരിയായ ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറിൽനിന്നും പിഴയായി ഈടാക്കേണ്ടതാണ്. കൂടാതെ ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർക്കെതിരെ ഉചിതമായ അച്ചടക്കനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

**5. വീൽസ് (VEELS – Vehicle Management & Location Tracking System) സോഫ്റ്റ് വെയറിൽ വാഹനത്തിന്റെ വിവരങ്ങൾ കാലികമാക്കിയിട്ടില്ല**

സംസ്ഥാനത്ത് ഉപയോഗിച്ചുവരുന്ന സർക്കാർ വാഹനങ്ങളുടെ വിവരങ്ങൾ ശേഖരിക്കുവാൻ ധനകാര്യ വകുപ്പിലെ ഐ.ടി. വിഭാഗം രൂപകൽപ്പന ചെയ്ത 'വീൽസ്' (വെഹിക്കിൾ മാനേജ്മെന്റ് ആൻഡ് ലൊക്കേഷൻ ട്രാക്കിംഗ് സിസ്റ്റം) സോഫ്റ്റ് വെയറിലെ ഡാറ്റാ അപ്ഡേഷൻ സമയബന്ധിതമായി

പൂർത്തിയാക്കണമെന്ന് ധനകാര്യ വകുപ്പിന്റെ 02.11.2021 ലെ 103/2021/ധന നമ്പർ സർക്കുലറിൽ നിർദ്ദേശിച്ചിരുന്നു. ധനകാര്യ വകുപ്പിന്റെതന്നെ 11.07.2022 ലെ വ്യയം-ബി1/394/2022/ധന നമ്പർ അനൗദ്യോഗിക കുറിപ്പിൽ വീൽസ് ഡാറ്റാ ബേസിൽ ഇതുവരെ വാഹനങ്ങളുടെ വിവരങ്ങൾ ലഭ്യമാക്കാത്ത കൺട്രോളിംഗ് ഓഫീസർമാർക്കെതിരെ കർശന നടപടി സ്വീകരിക്കണമെന്ന് സെക്രട്ടറിയേറ്റിലെ എല്ലാ ഭരണവകുപ്പുകൾക്കും നിർദ്ദേശം നൽകിയിട്ടുമുണ്ട്. എന്നാൽ KL-60-B-379 നമ്പർ വാഹനത്തിന്റെ യാതൊരു വിവരങ്ങളും ടി സോഫ്റ്റ് വെയറിൽ നാളിതുവരെ ചേർത്തിട്ടില്ല എന്ന് പരിശോധനയിൽ ബോധ്യപ്പെട്ടു.

ഔദ്യോഗിക വാഹനത്തിന്റെ വിവരങ്ങൾ 'വീൽസ്' ൽ കാലികമാക്കാതെ വീഴ്ച വരുത്തിയ ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ ശ്രീ.സതീശൻ പി.വി. -ക്കെതിരെ ഉചിതമായ അച്ചടക്കനടപടികൾ സ്വീകരിക്കേണ്ടതാണ്.

<u>III. ശിപാർശകൾ</u>

1. 01.08.2021 മുതൽ 31.05.2022 വരെയുള്ള കാലയളവിൽ കാസർഗോഡ് ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ മീറ്റിംഗുകൾക്കായി ജില്ലാ കളക്ടറേറ്റ്, ജില്ലാ പഞ്ചായത്ത് എന്നിവിടങ്ങളിലേക്ക് നടത്തിയിട്ടുള്ള 60 യാത്രകളിൽ 23 മീറ്റിംഗുകൾക്ക് മാത്രമാണ് ഔദ്യോഗിക സ്ഥിരീകരണമുള്ളത് എന്നതിനാൽ അതില്ലാത്ത 37 യാത്രകൾ സ്വകാര്യ യാത്രകൾക്കുള്ള വാഹന ദുരുപയോഗമായി കണക്കാക്കി 20.05.2020 ലെ സ.ഉ.(പി)നം.62/2020/ധന ഉത്തരവിൽ നിഷ്കർഷിക്കുന്ന പ്രകാരം ഈ 37 യാത്രകൾക്ക് സഞ്ചരിച്ച ആകെ 2442 കി.മീ ദൂരത്തിന് 11 രൂപ /കി.മീ നിരക്കിൽ ആകെ 26,862/- രൂപ വാഹനവാടകയിനത്തിൽ ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ ശ്രീ. സതീശൻ പി.വി. യിൽനിന്നും ഈടാക്കി സർക്കാരിലേക്ക് ട്രഷറിയിൽ അടയ്ക്കേണ്ടതാണ്.
2. കാസർഗോഡ് ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിലെ ഔദ്യോഗിക വാഹനമായ KL-60-B-379 നമ്പർ ബൊലേറോ ജീപ്പിന്റെ ലോഗ് ബുക്കിൽ 2021 ആഗസ്റ്റ് മുതൽ ഇന്ധന ഉപഭോഗത്തിലെ കണക്കുകളിൽ ക്രമക്കേടുകൾ നടത്തി കണക്കിൽപ്പെടുത്താത്തതായി കണ്ടെത്തിയിട്ടുള്ള ആകെ 110.57 ലിറ്റർ ഡീസലിന്റെ വിലയായ 10,333/- രൂപ ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ ശ്രീ.സതീശൻ പി.വി. യുടെ പക്കൽനിന്നും ഈടാക്കി സർക്കാരിലേക്ക് ട്രഷറിയിൽ അടയ്ക്കേണ്ടതാണ്.
3. കാസർഗോഡ് ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിലെ ഔദ്യോഗിക വാഹനമായ KL-60-B-379 നമ്പർ ബൊലേറോ ജീപ്പ് ധനകാര്യ വകുപ്പിന്റെ

13.11.1970 ലെ സ.ഉ.(പി)നം.803/70/ധന, 24.02.2003 ലെ സ.ഉ (കൈ)113/2003/ധന എന്നീ സർക്കാർ ഉത്തരവുകൾ, 02.08.2008 ലെ 41/2008/ധന നമ്പർ സർക്കുലർ എന്നിവകളിലെ നിർദ്ദേശങ്ങൾ പാലിക്കാതെ ദുരുപയോഗം ചെയ്യപ്പെട്ട സാഹചര്യത്തിൽ പ്രസ്തുത വാഹനത്തിന് ഏറ്റവും കൂടുതൽ ഇന്ധന ഉപഭോഗം നടന്ന 2022 ജനുവരി മാസത്തിൽ ഇന്ധനത്തിന് ചെലവഴിച്ച തുകയുടെ 50% തുകയായ 15,845/- രൂപ വാഹനത്തിന്റെ നിയന്ത്രണ അധികാരിയായ ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ, ശ്രീ.സതീശൻ പി.വി. യിൽനിന്നും പിഴ ഇനത്തിൽ ഈടാക്കി സർക്കാരിലേക്ക് ട്രഷറിയിൽ അടയ്ക്കേണ്ടതാണ്.

4. മേൽ ശിപാർശകൾ 1, 2, 3 എന്നിവ പ്രകാരം ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ, ശ്രീ.സതീശൻ പി.വി. യിൽ നിന്നും ആകെ 53,040/- രൂപ (=26,862+10,333+15,845) ഈടാക്കുന്നതിനുപുറമേ അദ്ദേഹത്തിനെതിരേ ഉചിതമായ അച്ചടക്കനടപടികളും ഭരണവകുപ്പ് സ്വീകരിക്കേണ്ടതാണ്.
5. തങ്ങളുടെ നിയന്ത്രണത്തിലുള്ള ഓരോ വാഹനവും നിർത്തിയിടേണ്ട സ്ഥലം നിശ്ചയിച്ച് വാഹനത്തിന്റെ നിയന്ത്രണോദ്യോഗസ്ഥൻ ഒരു ഉത്തരവ് പുറപ്പെടുവിക്കേണ്ടതും അവയുടെ സുരക്ഷയ്ക്കുള്ള ഏർപ്പാടുകൾ ചെയ്യേണ്ടതുമാണ് എന്ന് 13.11.1970 ലെ സ.ഉ(പി)നം.803/70/ധന നമ്പർ ഉത്തരവിൽ നിഷ്ക്കർഷിച്ചിട്ടുണ്ട്. ഔദ്യോഗിക വാഹനങ്ങൾക്ക് പാർക്ക് ചെയ്യുവാൻ അനുവദിച്ചിട്ടുള്ള പാർക്കിംഗ് സ്പേസ് / ഗാരേജിൽ തന്നെ ടി വാഹനങ്ങൾ പാർക്ക് ചെയ്യുന്നുണ്ടെന്ന് വാഹനത്തിന്റെ നിയന്ത്രണോദ്യോഗസ്ഥൻ ഉറപ്പുവരുത്തേണ്ടതാണ് എന്ന് 24.02.2003ലെ സ.ഉ (കൈ)113/2003/ധന നമ്പർ ഉത്തരവിലും നിഷ്ക്കർഷിക്കുന്നുണ്ട്. ഈ സാഹചര്യത്തിൽ കാസർഗോഡ് ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിലെ വാഹനങ്ങളുടെ നിയന്ത്രണ അധികാരി മേൽ പരാമർശിച്ച സർക്കാർ ഉത്തരവുകളിലെ നിർദ്ദേശങ്ങൾ പാലിക്കുന്നതിന് ഭരണവകുപ്പ് കർശന നിർദ്ദേശം നൽകേണ്ടതാണ്.
6. സർക്കാർ വാഹനങ്ങളുടെ വിവരങ്ങൾ ശേഖരിക്കുവാനും മറ്റും ധനകാര്യ ഐ.ടി വിഭാഗം രൂപകൽപ്പന ചെയ്ത 'വീൽസ്' (വെഹിക്കിൾ മാനേജ്മെന്റ് ആൻഡ് ലൊക്കേഷൻ ട്രാക്കിംഗ് സിസ്റ്റം) ഡാറ്റാബേസിൽ കാസർഗോഡ് ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിലെ ഔദ്യോഗിക വാഹനത്തിന്റെ വിവരങ്ങൾ കാലികമാക്കാതെ വീഴ്ച വരുത്തിയ ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ ശ്രീ.സതീശൻ പി.വി. -ക്കെതിരെ ഭരണവകുപ്പ് ഉചിതമായ അച്ചടക്കനടപടികൾ സ്വീകരിക്കേണ്ടതാണ്.

7. കാസർഗോഡ് ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിലെ വാഹനങ്ങൾക്ക് **Monthly Fuel Ceiling** ബാധകമാക്കുന്നതിന് വേണ്ട ഉചിതമായ നടപടികൾ ഭരണവകുപ്പ് അടിയന്തിരമായി കൈക്കൊള്ളേണ്ടതാണ്.
8. സർക്കാർ വാഹനങ്ങളുടെ ലോഗ് ബുക്ക് കൈകാര്യം ചെയ്യുന്നത് സംബന്ധിച്ചും, ഔദ്യോഗിക വാഹനങ്ങളുടെ യഥാവിധിയുള്ള ഉപയോഗം സംബന്ധിച്ചുമുള്ള ധനകാര്യ വകുപ്പിന്റെ 02.08.2008 ലെ 41/2008/ധന നമ്പർ സർക്കുലറിലെ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കുന്നതിനുള്ള കർശന നിർദ്ദേശം ഭരണവകുപ്പ് കാസർഗോഡ് ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർക്ക് നൽകേണ്ടതാണ്.
9. മുകളിലെ 1 മുതൽ 8 വരെയുള്ള ശിപാർശകൾ താമസംവിനാ നടപ്പിലാക്കി പ്രസ്തുത വിവരം ബഹു: മുഖ്യമന്ത്രിയുടെ പരാതി പരിഹാരസെല്ലിൽ അറിയിക്കുന്നതിനുള്ള ഉചിതമായ നടപടികൾ ഭരണവകുപ്പ് കൈക്കൊള്ളേണ്ടതാണ്.

AJAYAKUMAR K S
ADDITIONAL SECRETARY

സെക്ഷൻ ഓഫീസർ